# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 194

11-07-2011-ൽ മറുപടിക്ക്

### "ശ്രീമതി.മുരുകമ്മാൾക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിനുള്ള നടപടി"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മൃഗസംരക്ഷണ വകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ചുള്ള ഫീഡ് ടെസ്റ്റിംഗ് ലാബിലെ ലാബോറട്ടറി അറ്റന്റന്റ് ആയിരിക്കെ 31/03/2011 ൽ വിരമിച്ച ശ്രീമതി.മുരുകമ്മാൾക്ക് മിനിമം പെൻഷൻ ലഭിക്കുന്നതിന് വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) ശ്രീമതി.മുരുകമ്മാളിന്റെ മിനിമം പെൻഷൻ ലഭിയ്ക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷ സർക്കാർ വിശദമായി പരിശോധിയ്ക്കുകയും ടിയാൾക്ക് മിനിമം പെൻഷന് വേണ്ട 10 വർഷത്തെ സർക്കാർ സർവ്വീസ് ഇല്ലാത്തതിനാൽ നിരസിയ്ക്കുകയുമുണ്ടായി. മുനിസിപ്പാലിറ്റിയിലെ സേവനകാലം കൂടി സർക്കാർ സർവ്വീസിനോട് കൂട്ടിച്ചേർത്ത് സർക്കാർ സർവ്വീസിൽ മിനിമം പെൻഷൻ അനുവദിയ്ക്കാൻ നിർവ്വാഹമില്ലയെന്ന് ടിയാളെ അറിയിച്ചിട്ടുമുണ്ട്. |
| (ബി) അവരുടെ പാർട്ട് ടൈം സർവ്വീസ് കൂടി പരിഗണിച്ചാൽ മിനിമം പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ; എങ്കിൽ ആയത് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ; | (ബി) ശ്രീമതി.മുരുകമ്മാളിന്റെ സ്വീപ്പർ തസ്തികയിലെ പാർട്ട് ടൈം സർവ്വീസ് കൂടി പരിഗണിച്ചാൽ മിനിമം പെൻഷനുള്ള കാലാവധിയായ 10 വർഷം തികയുന്നില്ല. ആയതിനാൽ മിനിമം പെൻഷന് അർഹതയില്ല. നിലവിലെ നിയമപ്രകാരം മിനിമം പെൻഷന് 10 വർഷത്തെ സർക്കാർ സർവ്വീസ് ആവശ്യമാണ്. |

(സി) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 28/01/2011 ലെ നമ്പർ കെ.1/2074/2011/ജി.കാ ശുപാർശയിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

(സി) 28/01/2011 ലെ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ ശുപാർശ സർക്കാർ പരിശോധിയ്ക്കുകയും ശ്രീമതി.മൃദുകുമാരിയുടെ മുനിസിപ്പാലിറ്റിയിലെ സേവനകാലം കൂടി സർക്കാർ സർവ്വീസിനോട് കൂട്ടിച്ചേർത്ത് സർക്കാർ സർവ്വീസിൽ മിനിമം പെൻഷൻ അനുവദിയ്ക്കാൻ നിർവ്വാഹമില്ലയെന്ന വിവരം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ